# എൻ.എസ്.എസ്.എൽ.പി.എസ്
# ചുനക്കര തെക്ക്

# അക്കാദമിക്ക് മാസ്റ്റർപ്ലാൻ
# 2025-2026

## 2025-2026

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൻ.എസ്.എസ്.എൽ.പി.എസ്,ചുനക്കര തെക്ക് |
| വിദ്യാഭ്യസ ജില്ലാ | : | മാവേലിക്കര |
| ഗ്രാമപഞ്ചായത്ത് | : | ചുനക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| സ്കൂൾ ഉടമസ്ഥത | : | എയ്ഡഡ് |
| സ്കൂൾ വിഭാഗം | : | ലോവർ പ്രൈമറി 1 മുതൽ 4 വരെ |
| പഠന മാദ്ധ്യമം | : | മലയാളം |
| സ്കൂൾ കോഡ് | : | 36255 |
| യു ഡയസ് കോഡ് | : | 2110700502 |
| പി ടി എ പ്രസിഡന്റ് | : | ഷെറീന |
| എസ് എം സി ചെയർമാൻ | : | പ്രവീൺ |
| എം.പി.റ്റി.എ.പ്രസിഡന്റ് | : | അശ്വതി |
| വാർഡ് മെമ്പർ | : | ഷക്കീല |
| പ്രധാന അദ്ധ്യാപിക | : | ബിന്ദുമോൾ.എസ്സ് |

# ഉള്ളടക്കം


- പൊതുലക്ഷ്യം
- സ്കൂൾ ചരിത്രം
- വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്
- നിലവിലെ അവസ്ഥാ വിശകലനം
- പ്രശ്നങ്ങൾ, വെല്ലുവിളികൾ
- പദ്ധതിരൂപീകരണ പ്രക്രിയ ഘട്ടങ്ങൾ
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- മോണിറ്ററിംഗ് രീതി
- ഉപസംഹാരം

# ചരിത്രം

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ ചുനക്കര ഗ്രാമപ്പഞ്ചായത്തിന്റെ തെക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് എൻ.എസ്.എൽ.പി.എസ് ചുനക്കരസൗത്ത്. സാമൂഹ്യപരമായി പിന്നിൽനിന്നിരുന്ന ഈ പ്രദേശത്ത് ഒരു പ്രൈമറിവിദ്യാലയം ആരംഭിക്കുകഎന്നത് നാട്ടുകാരുടെ ഒരു സ്വപ്നമായിരുന്നു. 1957-ൽ എൻ.എസ്.എസ് കരയോഗത്തിന്റെ നേതൃത്വത്തിൽ സ്കൂൾ സ്ഥാപിതമായി.

1 മുതൽ 4 വരെ ക്ലാസുകളിലായി ഏകദേശം അൻപതോളം കുട്ടികൾ പഠിക്കുന്നു. 5 അധ്യാപരും ഉണ്ട്, കൂടാതെ അറബിഭാഷയും കുട്ടികളെ പഠിപ്പിക്കുന്നുണ്ട് കംപ്യൂട്ടർ, ഡാൻസ് എന്നിവ പഠിപ്പിക്കുന്നതിനായി അധ്യാപകരെ ചുമത്തപ്പെടുത്തിയിട്ടുണ്ട്. കുട്ടികളെ കൊണ്ടുവരാനായി വാഹനസൗകര്യം ഒരുക്കിയിട്ടുണ്ട്. P.T.A.S.S.G. S.M.C SRG എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

വിദ്യാലയവികസനം പദ്ധതി നടപ്പാക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ, പൂർവ്വവിദ്യാർഥികൾ, സഹകരണസ്ഥാപനങ്ങൾ, വ്യവസായസ്ഥാപനങ്ങൾ, പൊതുസമൂഹം തുടങ്ങി ലഭ്യമായ എല്ലാ സ്രോതസുകളിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിനും അവസരമൊരുക്കുന്നുണ്ട്.

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൻ.എസ് .എസ് .എൽ.പി.എസ് , ചുനക്കര തെക്ക് |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ഗ്രമപ്പഞ്ചായത്ത് | : | ചുനക്കര |
| ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| സ്കൂൾ ഉടമസ്ഥത | : | എയ്ഡഡ് |
| സ്കൂൾ വിഭാഗം | : | (ലോവർ പ്രൈമറി 1 മുതൽ 4 വരെ) |
| പഠന മാധ്യമം | : | മലയാളം |
| സ്കൂൾ കോഡ് | : | 2110700502 |
| പി.ടി.എ പ്രസിഡന്റ് | : | ഷെറീന |
| S.M.C ചെയർ മാൻ | : | പ്രവീൺ |
| എം.പി.ടി.എ പ്രസിഡന്റ് | : | ഷാഹിന |
| വാർഡ്മെമ്പർ | : | ഷക്കീല |
| പ്രധാന അധ്യാപിക | : | ബിന്ദുമോൾ. എസ് |

# നമസ്തേ

## ആമുഖം

കേരള സർക്കാർ ഇന്ന് വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളും ഒരു മാറ്റത്തിനായി തയ്യാറായിക്കൊണ്ടിരിക്കുന്നു. ഈ മാറ്റം ഭൗതിക കാലത്തിൽ മാത്രം ഒതുങ്ങാതെ സ്കൂളിലെ അക്കാദമിക നിലവാര ഉയർച്ചയിലേക്ക് മാറേണ്ടത് പരമപ്രധാനമായ ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിലേക്ക് നമ്മുടെ വിദ്യാലയങ്ങളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ അതത് പ്രദേശത്തിന്റെ സാഹചര്യങ്ങളും കുട്ടികളുടെ നിലവാരവും നാടിന്റെ പ്രത്യേകതകളും ആവശ്യങ്ങളും മനസ്സിലാക്കി ഓരോ സ്ഥാപനവും തനതായരീതിയിൽ വരുംവർഷങ്ങളിൽ നടപ്പിലാക്കേണ്ടകാര്യങ്ങൾ ഉൾപ്പെടുത്തി അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കി പൊതുജനസമക്ഷം അവതരിപ്പിക്കുന്നു. ഈ പുതിയ സംരംഭം നമ്മുടെ സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി ജനശ്രദ്ധയാകർഷിക്കുന്നതരത്തിൽ വിജയിക്കട്ടെയെന്നും അതിലൂടെ പൊതുവിദ്യാഭ്യാസമേഖലയിൽ കുട്ടികളുടെ എണ്ണത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും സജീവമാകട്ടെയെന്നും ആശംസിക്കുന്നു.

# ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണ്യങ്ങളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിന് പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക പഠനവും-പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തരം മൂല്യനിർണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെട്ടുത്തുക, തുടങ്ങിയ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദേശങ്ങളും പ്രക്രിയയുമായി പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃത്യവുമായ പഠനമാണ് ക്ലാസ്സ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസഅവകാശനിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- 1 മുതൽ 4 വരെ ഓരോ ക്ലാസ്സില കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും, നൈപുണികളും, (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടികളുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കണം. കലാകായിക പ്രവർത്തിപരിചയപഠനത്തിൽ പങ്കാളിത്തവും താല്പര്യവും ഉറപ്പാക്കണം. സാമൂഹികരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം.

ഓരോ കുട്ടിയും മൂന്നു ഭാഷയെങ്കിലും ആശയവിനിമയ ശേഷി നേടണം.

- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രവർത്തിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണംപരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖപഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാ-കായിക,പ്രവർത്തി,പരിചയമികവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ ബൗദ്ധിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേകണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്തഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും, സർഗ്ഗാത്മകവും, ആനന്ദദായകവുമാകുന്നതരത്തിൽ വിദ്യാലയത്തിന്റെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കും.

- ലഘുപഠനയാത്രകൾ, സെമിനാറുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ, തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത-കീടനാശിനി മുക്ത-സ്കൂൾ പരിസരം സൃഷ്ടിക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കും., പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായസംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവും വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തും.

# വിദ്യാലയം മികവിന്റെ കേന്ദ്രം
## കാഴ്ചപ്പാട്

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗാത്മകവുമായ പാരസ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കും ഉതകുംവിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവം ഒരുക്കാൻ കഴിയും.
- 1-4 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുംവിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽ നിന്ന് (ഗവ:എം.എൽ.എ.എൻ.ആർ.ഐ, പൂർവവിദ്യാർത്ഥികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്രനിലവാരം ഉള്ളതാക്കുക.
- 1-4 വരെ ക്ലാസിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്രനിലവാരത്തോട് കിടപിടിക്കും വിധം ആർജ്ജിക്കാൻ അവസരം ഒരുക്കുക.
- വരുംകാലത്തെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.

- വിദഗ്ധരായ അധ്യാപകന്റേയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കാനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യുക.
- പഠനബോധനം ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗാത്മവുകമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരം ഒരുക്കുകയും നിരന്തരം വിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ചു മുന്നേറുകയും ചെയ്യുക.
- കുട്ടിയുടെ പഠനവേഗത, പഠന ശൈലി എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
- സ്വയംപഠനം, സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ഭൗതികസൗകര്യങ്ങളും ലൈബ്രറി പോലുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.
- സമ്പൂർണ്ണശുചിത്വം, പ്ലാസ്റ്റിക് കീടനാശിനിമുക്ത സ്കൂൾ പരിസരം രൂപപ്പെടുത്തുക.
- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.

| അക്കാദമീയം | ഭൗതികം | |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര പോഷണ പരിപാടി<br>• ലൈബ്രറി ശാക്തീകരണം<br>• പഠനയാത്ര<br>• കലാകായിക മേള<br>• IT പരിശീലനം ലാപ്ടോപ്പ്<br>• കൃഷി<br>• ദിനാചരണങ്ങൾ | • സ്മാർട്ട് ക്ലാസ്സ്റൂം<br>• കളിയുപകരണങ്ങൾ<br>• കളിസ്ഥലം<br>• കഞ്ഞിപ്പുര<br>• ഡൈനിംഗ്ഹാൾ<br>• ഫാൻ, ലൈറ്റ്<br>• കുടിവെള്ളം | • PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | • വായനാകാർഡ്<br>• അക്ഷരചാർട്ട്<br>• ചിത്ര കാർഡുകൾ | വർഷം മുഴുവൻ | അധ്യാപകർ | |
| വായനയിൽ താൽപ്പര്യം വളർത്തുന്നു. | • പത്രവായന അസംബ്ലിയിൽ<br>• വായന മത്സരം<br>• വായനക്കുറിപ്പ്<br>• ക്വിസ് പ്രോഗ്രാം | ദിവസവും | അധ്യാപകർ | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നു. | • കഥാരചന<br>• കവിത<br>• ചിത്രരചന<br>• സംഭാഷണം തയാറാക്കൽ<br>• കൈയ്യെഴുത്ത് മാസിക | വർഷം മുഴുവൻ | അധ്യാപകർ | |
| അവതരണ മികവ് തേടുന്നതിന് | • പ്രസംഗ പരിശീലനം<br>• കവിതാലാപനം<br>• കഥ പറയൽ<br>• നാടകം<br>• ബാലസഭ | വർഷം മുഴുവൻ | അധ്യാപകർ | |
| വായനാശേഷി വളർത്തൽ | • ക്ലാസ്സ് ലൈബ്രറി ഒരുക്കൽ | വർഷം മുഴുവൻ | | |
| സർഗോത്സവം | • കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രവർത്തനം | വർഷത്തിൽ ഒരിക്കൽ | | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | • ഗണിതലാബ് സജ്ജീകരിക്കൽ<br>• വർക്ക് ഷീറ്റുകൾ<br>• ഗണിത കിറ്റുകൾ | വർഷം മുഴുവൻ | അധ്യാപകർ | |
| ഗണിത പഠനം ആകർഷകമാക്കാൻ | • ഗണിത കളികൾ<br>• പസിലുകൾ<br>• നിർമാണം<br>• ഗണിത ക്വിസ്<br>• ഗണിത മാസിക<br>• നിർമാണം | വർഷം മുഴുവൻ | അധ്യാപകർ | |
| ഗണിത പഠനം രസകരമാക്കൽ | • ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം | വർഷത്തിൽ ഒരിക്കൽ | H.M<br>SRN<br>Class Tr | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്ര പഠനം പരീക്ഷണങ്ങളിലൂടെ | • ലഘുപരീക്ഷണങ്ങൾ ചെയ്ത് പരീക്ഷണകുറിപ്പ് തയ്യാറാക്കുന്നു.<br>• ശാസ്ത്ര ലാബ് | മാസം തോറും | സയൻസ് ക്ലബ് | |
| ശാസ്ത്ര പഠനം രസകരമാക്കുക, നേരിട്ട് മനസിലാക്കുക. | • പഠനയാത്രകൾ<br>• ഫീൽഡ് ട്രിപ്പ്<br>• ശേഖരണങ്ങൾ<br>• ആൽബങ്ങൾ | വർഷത്തിൽ രണ്ട്<br>വർഷം മുഴുവൻ | PTA<br>അധ്യാപകർ | |
| ശാസ്ത്ര ബോധം ഉണ്ടാക്കൽ | • ശാസ്ത്ര കഥകൾ<br>• ശാസ്ത്ര ക്വിസ്<br>• പ്രകൃതി നിരീക്ഷണം | വർഷം മുഴുവൻ | അധ്യാപകർ | |

# ഇംഗ്ലീഷ് പഠന പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും, സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | • ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി<br>• കുട്ടികൾ തമ്മിൽ ഇംഗ്ലീഷ് സംസാരിക്കൽ<br>• അധ്യാപകർ നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകൽ<br>• വർക്ക് ഷീറ്റുകൾ<br>• ഇംഗ്ലീഷ് പുസ്തകങ്ങൾ<br>• ഡയറി എഴുതൽ | പ്രതിദിനം | അധ്യാപകർ | |
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി വികസിപ്പിക്കൽ | • സംഭാഷണം<br>• സ്കിറ്റ്<br>• നാടകം<br>• കവിതാപൂരണം | വർഷം മുഴുവൻ | അധ്യാപകർ | |
| ഇംഗ്ലീഷിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | • ഡിക്ഷ്നറി പരിചയപ്പെടൽ നിർമ്മാണം<br>• വർക്ക് ഷീറ്റ്<br>• ചിത്രങ്ങൾ<br>• പസിലുകൾ | വർഷം മുഴുവൻ | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ലൈബ്രറി നവീകരിക്കൽ | • ജന്മദിനത്തിലൊരു പുസ്തകം<br>• പുസ്തക സമാഹരണം<br>• ആനുകാലിക പ്രസിദ്ധീകരണങ്ങൾ ദിനപത്രങ്ങൾ ഉറപ്പാക്കൽ<br>• പുസ്തകങ്ങൾ ക്രമീകരിക്കാനുള്ള സംവിധാനം ഉറപ്പാക്കൽ<br>• അമ്മ വായന | വർഷം മുഴുവൻ | SRG | |

## കലാകായിക മേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കലാകായിക ശേഷികളുടെ വികസനം | • കായിക പരിശീലനം<br>• പ്രാവിണ്യം നേടിയ<br>• അധ്യാപകരുടെ ചുമതലയിൽ കലാപരിശീലനം<br>• ബാലസഭ<br>• കലാകായിക മേളകളിൽ പങ്കെടുക്കൽ | വർഷം മുഴുവൻ | PTA | |

## ഐ.ടി പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളെയും കമ്പ്യൂട്ടർ സാക്ഷരതരാക്കുക | • എല്ലാ കുട്ടികളും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നു. | വർഷം മുഴുവൻ | അധ്യാപകർ | |
| പഠന നേട്ടങ്ങൾ കൈവരിക്കാൻ ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കുന്നു | • ഓരോ പഠനനേട്ടവുമായി ബന്ധപ്പെടുത്തി I.C.T സാധ്യതകൾ കണ്ടെത്തി പഠനം കാര്യക്ഷമമാക്കുന്നു.<br><br>**<u>ലാപ്ടോപ്പ്</u>**<br>• എല്ലാ ക്ലാസ്സിലും ലാപ്ടോപ്പ് ഉറപ്പാക്കുന്നു. | വർഷം മുഴുവൻ<br><br>S.S.A | അധ്യാപകർ<br><br>S.S.A<br>MLA<br>MP | |

## കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയോട് ആഭിമുഖ്യം വളർത്തുന്നു. | • സ്കൂൾ പരിസരത്തും വീട്ടിലും കൃഷി ചെയ്ത് പുരോഗതി രേഖപ്പെടുത്തുന്നു. | വർഷം മുഴുവൻ | PTA<br>അധ്യാപകർ | |

# ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങളിലൂടെ ദിനങ്ങളുടെ പ്രാധാന്യം അറിയുന്നു.<br><br>ദിനാചരണങ്ങളിലൂടെ സാമൂഹിക ബോധം വളർത്തുന്നു. | • ദിനാചരണത്തിന് മുന്നൊരുക്കം നടത്തുന്നു.<br>• ചുമർപത്രം, പതിപ്പുകൾ തുടങ്ങിയവ തയ്യാറാക്കുന്നു.<br>• രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വർഷം മുഴുവൻ | PTA<br>SRG | |

## മോണിട്ടറിംഗ് രീതി

- ദൈനംദിന മോണിട്ടറിംഗ് പ്രഥമാധ്യാപിക, അധ്യാപകൻ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു.
- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് നടത്തുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി നടപ്പാക്കും. (PTA, MPTA, SRG).

## ഉപസംഹാരം

കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടുക എന്ന ആഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ പൊതുവിദ്യാഭ്യാസം സംരക്ഷണത്തിൽ പങ്കാളികളാവുക എന്നത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സാധൂകരിക്കുന്നതിന് വേണ്ടി നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങൾ എല്ലാം തന്നെ ലക്ഷ്യപ്രാപ്തിയിലെത്താൻ ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.